# AMCSFNCK – Admission to B.Sc., PB B.Sc. & M.Sc. Nursing Course 2023-24

## (Instructions on DATA VERIFICATION dated 17th July 2023)

2023-24 വർഷത്തെ ബി.എസ്.സി., പോസ്റ്റ് ബേസിക്ക് ബി.എസ്.സി. & എം.എസ്.സി. നേഴ്സിംഗ് പ്രവേശനത്തിന് ഇതുവരെ ലഭിച്ച അപേക്ഷകളുടെ വിശദാംശങ്ങൾ ജൂലൈ 17–ന് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. അപേക്ഷകർക്ക് എന്തെങ്കിലും തിരുത്തലുകളോ (**Name, Date of Birth, Religion / Community, Exam Board & Marks for PCB&E**), നിർദ്ദേശങ്ങളോ ഉണ്ടെങ്കിൽ ജൂലൈ 21–ന് വൈകീട്ട് 05 മണിക്കുള്ളിൽ **admission@amcsfnck.com** എന്ന ഇ–മെയിൽ അഡ്രസ്സിലേയ്ക്ക് അറിയിക്കേണ്ട താണ്. ഇ–മെയിലിൽ **Subject**–ന്റെ സ്ഥാനത്ത് അപേക്ഷയുടെ നമ്പറും അപേക്ഷകന്റെ പേരും നിർബന്ധമായും ചേർക്കേണ്ടതാണ്. അപേക്ഷകരുടെ ഇത്തരം നിർദ്ദേശങ്ങൾ, അവർ നേരത്തെ ഓൺലൈനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളും സർട്ടിഫിക്കറ്റുകളുടെ സ്കാൻ ചെയ്ത കോപ്പികളുമായി ഒത്തുനോക്കി മാത്രമെ അവശ്യമെങ്കിൽ തിരുത്തലുകൾ വരുത്തുകയുള്ളൂ. **എന്നാൽ മറ്റുതിരുത്തലുകൾ അപേക്ഷകർക്ക് തങ്ങളുടെ യൂസർ ഐ.ഡി.യും പാസ്‌വേർഡും ഉപയോഗിച്ച് ലോഗ്–ഇൻ ചെയ്ത് അസോസിയേഷന്റെ വെബ്സൈറ്റ് വഴി തിരുത്താവുന്നതാണ്.**

**B.Sc, M.Sc. & Post Basic B.Sc. Nursing:** വെബ്സൈറ്റിൽ അറിയിച്ചിട്ടുള്ളതുപോലെ പ്രവേശനത്തിനായുള്ള ആദ്യ ഓൺലൈൻ അലോട്ട്മെന്റ് **ആഗസ്റ്റ് 07**–ന് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. ഓൺലൈൻ അലോട്ട്മെന്റിന് വേണ്ടിയുള്ള **College and Course Option ജൂലൈ 27 മുതൽ ആഗസ്റ്റ് 04 വരെ** അസോസിയേഷന്റെ വെബ്സൈറ്റായ www.amcsfnck.com വഴി നൽകണം.

അപേക്ഷയോടൊപ്പം റവന്യൂ അധികാരികളിൽ നിന്നുമുള്ള കമ്മ്യൂണിറ്റി / ന്യൂനപക്ഷ സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടില്ലാത്തവർ കമ്മ്യൂണിറ്റി അലോട്ട്മെന്റ് ആവശ്യമെങ്കിൽ, കമ്മ്യൂണിറ്റി / ന്യൂനപക്ഷ സർട്ടിഫിക്കറ്റിന്റെ സ്കാൻ ചെയ്ത കോപ്പി ജൂലൈ 21–നുള്ളിൽ നിങ്ങളുടെ യൂസർ ഐ.ഡി.യും പാസ്‌വേർഡും ഉപയോഗിച്ച് അസോസിയേഷന്റെ വെബ്സൈറ്റ് വഴി upload ചെയ്യുക. കമ്മ്യൂണിറ്റി / ന്യൂനപക്ഷ സർട്ടിഫിക്കറ്റ് സമർപ്പിച്ചില്ലെങ്കിലും, റാങ്ക് ലിസ്റ്റിൽ ഓപ്പൺ മെറിറ്റ് കാറ്റഗറിയൽ ഉൾപ്പെടുത്തുന്നതാണ്.

**List of Completed Online Applications:** ഓൺലൈനിൽ പൂർണ്ണമായും പൂരിപ്പിച്ച് സമർപ്പിച്ചിട്ടുള്ള അപേക്ഷകളുടെ ലിസ്റ്റാണിത്. എന്തെങ്കിലും സംശയങ്ങളുണ്ടെങ്കിൽ **admission@amcsfnck.com** എന്ന ഇ–മെയിൽ അഡ്രസ്സിലേയ്ക്ക് ജൂലൈ 21–നുള്ളിൽ അറിയിക്കുക. ഇ–മെയിലിൽ **Subject**–ന്റെ സ്ഥാനത്ത് അപേക്ഷയുടെ നമ്പറും അപേക്ഷകന്റെ പേരും നിർബന്ധമായും ചേർക്കേണ്ടതാണ്.

**List of Pending Applications:** അസോസിയേഷൻ ഓഫീസിൽ ലഭിച്ച അപേക്ഷകളിൽ എന്തെങ്കിലും ന്യൂനതകളുള്ളവയാണ് ഈ ലിസ്റ്റിലുള്ളത്. ആവശ്യമായ രേഖകൾ ജൂലൈ 21–നുള്ളിൽ നിങ്ങളുടെ യൂസർ ഐ.ഡി.യും പാസ്‌വേർഡും ഉപയോഗിച്ച് അസോസിയേഷന്റെ വെബ്സൈറ്റ് വഴി upload ചെയ്യുക. കമ്മ്യൂണിറ്റി / ന്യൂനപക്ഷ സർട്ടിഫിക്കറ്റ് സമർപ്പിച്ചില്ലെങ്കിലും, റാങ്ക് ലിസ്റ്റിൽ ഓപ്പൺ മെറിറ്റ് കാറ്റഗറിയൽ ഉൾപ്പെടുത്തുന്നതാണ്.

**List of Rejected Applications:** അപേക്ഷകളുടേയും സർട്ടിഫിക്കറ്റ് കോപ്പികളുടേയും പരിശോധനയിൽ  അയോഗ്യമായി നിരസിച്ചിട്ടുള്ളതിന്റെ കാരണവും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**Data Verification of Individual Applications:** അപേക്ഷകർക്ക് തങ്ങളുടെ യൂസർ ഐ.ഡി.യും പാസ്‌വേർഡും ഉപയോഗിച്ച് ലോഗ്-ഇൻ ചെയ്ത് അപേക്ഷകൾ കാണാവുന്നതാണ്.

അപേക്ഷകർക്ക് എന്തെങ്കിലും തിരുത്തലുകളോ (**Name, Date of Birth, Religion / Community, Exam Board & Marks for PCB&E**), നിർദ്ദേശങ്ങളോ ഉണ്ടെങ്കിൽ ജൂലൈ 21-ന് വൈകീട്ട് 5 മണിക്കുള്ളിൽ **admission@amcsfnck.com** എന്ന ഇ-മെയിൽ അഡ്രസ്സിലേയ്ക്ക് അറിയിക്കേണ്ടതാണ്. **ഇ-മെയിലിൽ Subject-ന്റെ സ്ഥാനത്ത് അപേക്ഷയുടെ നമ്പറും അപേക്ഷകന്റെ പേരും നിർബന്ധമായും ചേർക്കേണ്ട താണ്.** അപേക്ഷകരുടെ ഇത്തരം നിർദ്ദേശങ്ങൾ, അവരുടെനേരത്തെ ഓൺലൈനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളുമായി ഒത്തുനോക്കി മാത്രമേ ആവശ്യമെങ്കിൽ തിരുത്തലുകൾ വരുത്തുകയുള്ളൂ. **എന്നാൽ മറ്റുതിരുത്തലുകൾ അപേക്ഷകർക്ക് തങ്ങളുടെ യൂസർ ഐ.ഡി.യും പാസ്‌വേർഡും ഉപയോഗിച്ച് ലോഗ്-ഇൻ ചെയ്ത് അസോസിയേഷന്റെ വെബ്സൈറ്റ് വഴി തിരുത്താവുന്നതാണ്.**

## കോളേജ് ഓപ്ഷൻ രജിസ്ട്രേഷൻ:

**ഓരോ അപേക്ഷകനും പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന കോളെജുകൾ മുൻഗണനാ ക്രമാനുസരണം തിരഞ്ഞെടുക്കാനുള്ള അവസരം അപേക്ഷകരുടെ റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചതിനുശേഷം ഓൺലൈനിൽ തന്നെയാണ് ലഭിക്കുക.**

1. വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന സമയക്രമപ്രകാരം, 2023 ജൂലൈ 27-നും ആഗസ്റ്റ് 04-നും ഇടയിലാണ് അപേക്ഷകർ തങ്ങളുടെ ഓപ്ഷനുകൾ ഓൺലൈനായി രേഖപ്പെടുത്തേണ്ടത്. ഇതിനായി വ്യക്തിപരമായ അറിയിപ്പുകളൊന്നും ലഭിക്കുന്നതല്ല. അപേക്ഷകർ ഈ ദിവസങ്ങളിൽ വെബ്സൈറ്റ് സന്ദർശിക്കേണ്ടതും, വെബ്സൈറ്റിലെ നിർദ്ദേശങ്ങൾ അനുസരിച്ച് ഓപ്ഷൻ രേഖപ്പെടുത്തേണ്ടതുമാണ്.

2. ഓരോ അപേക്ഷകനും അവരവരുടെ യൂസർ ഐ.ഡി.യും പുതിയ പാസ്‌വേർഡും ഉപയോഗിച്ച് ലോഗ്-ഇൻ ചെയ്താണ് അവർക്ക് താത്പര്യമുള്ള ഓപ്ഷൻ രേഖപ്പെടുത്തേണ്ടത്.

3. **ഓരോ അപേക്ഷകനും താത്പര്യമുള്ള കോളെജുകളിലേക്കു മാത്രം (ഓരാൾക്ക് പരമാവധി പതിനഞ്ച് കോളേജുകളിലേക്ക് ഓപ്ഷൻ നല്കാനുള്ള അവസരമുണ്ട്) ഓപ്ഷൻ രേഖപ്പെടുത്തേണ്ടതാണ്.** ഒരിക്കൽ ഓൺലൈനായി Submit ചെയ്തു കഴിഞ്ഞാൽ, പിന്നീട് തിരഞ്ഞെടുത്ത കോളേജുകളോ അവയുടെ മുൻഗണനാ ക്രമമോ മാറ്റുവാൻ സാധിക്കുകയില്ല എന്നതിനാൽ ഓപ്ഷൻ രജിസ്ട്രേഷൻ ശ്രദ്ധാപൂർവ്വം നിർവ്വഹിക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് **www.amcsfnck.com** സന്ദർശിക്കുക